"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

റവന്യൂ വകുപ്പ് - കോട്ടയം താലൂക്കിൽ മണർകാട് വില്ലേജിൽ ബ്ലോക്ക് 33ൽ റീസർവേ നമ്പർ 415/13ൽ പെട്ട 01.50 ആർ വഴി പുറമ്പോക്ക് ഭൂമി ശ്രീമതി. ശ്രീലത പി. ആറിന്റെ പേർക്ക് ഒരു പ്രത്യേക കേസായി പരിഗണിച്ച് പതിച്ച് നൽകുന്നതിന് അനുമതി നല്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**റവന്യൂ (എം) വകുപ്പ്**

സ.ഉ.(കൈ) നം.91/2026/RD തീയതി,തിരുവനന്തപുരം, 23-02-2026

---

പരാമർശം:-

1. ശ്രീമതി ശ്രീലത പി.ആർ സമർപ്പിച്ച അപേക്ഷ.
2. കോട്ടയം ജില്ലാ കളക്ടറുടെ 05/04/2023-ലെ DCKTM/9352/2022-L2 നമ്പർ കത്ത്.
3. ലാന്റ് റവന്യൂ കമ്മീഷണറുടെ 23/04/2025-ലെ LR/4699/2023-LR(J5) നമ്പർ കത്ത്.

**ഉത്തരവ്**

കോട്ടയം താലൂക്കിൽ മണർകാട് വില്ലേജിൽ ബ്ലോക്ക് 33ൽ റീസർവേ നമ്പർ 415/13ൽ പെട്ട 01.50 ആർ ഭൂമിയിൽ ശ്രീമതി. ശ്രീലതയുടെ കുടുംബം വർഷങ്ങളായി താമസിച്ചു വരികയാണ് എന്നും പ്രസ്തുത ഭൂമിക്ക് പട്ടയം ലഭിച്ചിട്ടില്ലാത്തതിനാൽ സർക്കാരിന്റെ ക്ഷേമ പദ്ധതികളുടെ ആനുകൂല്യങ്ങളൊന്നും ലഭിക്കുന്നില്ല എന്നും അതിനാൽ കൈവശ ഭൂമിക്ക് പട്ടയം അനുവദിച്ചു നൽകണമെന്നും പരാമർശം(1) പ്രകാരം ശ്രീമതി ശ്രീലത പി.ആർ അപേക്ഷ സമർപ്പിച്ചിരുന്നു.

2) ഈ വിഷയത്തിൽ കോട്ടയം ജില്ലാ കളക്ടർ ലഭ്യമാക്കിയ പരാമർശം (2) റിപ്പോർട്ടും അനുബന്ധരേഖകളും പരിശോധിച്ചതിൽ 30 വർഷത്തിലധികമായി അപേക്ഷക ഇതേ വസ്തുവിൽ താമസിച്ചുവരികയാണ് എന്നു കാണുന്നു. 23/10/2000ൽ അപേക്ഷകയുടെ ഭർത്താവായ ശ്രീ.രാജഗോപാലിന്റെ പേരിൽ പ്രസ്തുത ഭൂമിക്ക് കൈവശ രേഖ ലഭിച്ചിട്ടുണ്ട്. വില്ലേജ് ഓഫീസറുടെ റിപ്പോർട്ട് പ്രകാരം പരാമർശ വസ്തു മണർകാട് - ഏറ്റുമാനൂർ റോഡിനോട് ചേർന്നു കിടക്കുന്നതാണ്. അയർകുന്നം ഗ്രാമപഞ്ചായത്തിന്റെ 27/11/2004ൽ ചേർന്ന യോഗ തീരുമാനപ്രകാരം അപേക്ഷകയുടെ കൈവശ ഭൂമിക്ക് പട്ടയം അനുവദിക്കുന്നതിന് എതിർപ്പില്ലെന്ന് കോട്ടയം തഹസിൽദാരെ അറിയിച്ചിരുന്നു. റവന്യൂ രേഖകൾ പ്രകാരം ടി വസ്തു റോഡ് പുറമ്പോക്ക് ആയി കാണുന്നുവെന്നും പൊതുമരാമത്ത് റോഡുകളോട് ചേർന്നു കിടക്കുന്ന ഭൂമി പതിച്ചുനൽകരുത് എന്നു നിർദ്ദേശിക്കുന്ന പൊതുമരാമത്ത് വകുപ്പിന്റെ 30/09/2009ലെ 20541/സി3/09/പൊ.മ.വ. സർക്കുലറിലെ നിർദ്ദേശ പ്രകാരം പ്രസ്തുത ഭൂമി പതിച്ചുനൽകാൻ സാധിക്കുകയില്ല എന്നും ജില്ലാ കളക്ടർ റിപ്പോർട്ട് ചെയ്തിരുന്നു.

3) ലാൻഡ് റവന്യു കമ്മീഷണറുടെ റിപ്പോർട്ട് പ്രകാരം, അപേക്ഷകയും കുടുംബവും

താമസിച്ചുവരുന്ന മണർകാട് വില്ലേജിൽ ബ്ലോക്ക് നമ്പർ 33 ൽ റീസർവ്വെ നമ്പർ 415/13 ൽ പെട്ട ഭൂമി ബി.റ്റി.ആറിൽ വഴി പുറമ്പോക്കെന്നാണ് രേഖപ്പെടുത്തിയിരിയ്ക്കുന്നത്. പ്രസ്തുത സ്ഥലം തിരുവഞ്ചൂർ റോഡിന്റെ വലതു വശത്തും പുതിയ പട്ടിത്താനം മണർക്കാട് റോഡിൽ നിന്നും 16 മീറ്റർ മാറിയുമാണ് സ്ഥിതി ചെയ്യുന്നത്. നിലവിൽ വാഹന ഗതാഗതത്തിന് തടസ്സമില്ലാത്ത രീതിയിലാണ് വീടും സ്ഥലവും സ്ഥിതി ചെയ്യുന്നെന്നും പൊതുമരാമത്ത് നിരത്ത് ഉപവിഭാഗം അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. എന്നാൽ, റോഡിനോട് ചേർന്ന സ്ഥലങ്ങളും റോഡ്പുറമ്പോക്കും പതിച്ച് നൽകുന്നതിനുള്ള അപേക്ഷകളിൽ പൊതുമരാത്ത് വകുപ്പ് ശിപാർശകൾ സമർപ്പിക്കേണ്ടതില്ലെന്ന് പ്രസ്തുത വകുപ്പിന്റെ 30.09.2009 ലെ 20541/സി3/2009 പ്രകാരം കർശന നിർദ്ദേശം നൽകിയിട്ടുള്ളതാണ്. അപേക്ഷകയും കുടുംബവും 40 വർഷമായി പ്രസ്തുത ഭൂമിയിൽ താമസിച്ച് വരുന്നതായും അപേക്ഷക അംഗൻവാടി വർക്കറായി ജോലി നോക്കി വരുന്നതായും അപേക്ഷകയ്ക്ക് മണർക്കാട് വില്ലേജിൽ മറ്റു ഭൂമിയൊന്നുമില്ലെന്നും മണർക്കാട് പട്ടിത്താനം ബൈപ്പാസ് നിലവിൽ വന്നതിനു ശേഷം അപേക്ഷ വസ്തു ഉൾപ്പെട്ടു വരുന്ന റോഡ് പുറമ്പോക്കിന്റെ വഴിയുപയോഗം സമീപവാസികൾക്ക് മാത്രമായി ചുരുങ്ങിയിട്ടുള്ളതായും ജില്ലാ കളക്ടർ റിപ്പോർട്ട് ചെയ്തിരിയ്ക്കുന്നു. പൊതുമരാമത്ത് വകുപ്പ് റോഡ് പുറമ്പോക്കിൽ ഉൾപ്പെട്ട കൈവശ വസ്തുവിന് പട്ടയം അനുവദിയ്ക്കുന്ന ഈ വിഷയത്തിൽ പ്രസ്തുത വകുപ്പ് നിരാക്ഷേപസാക്ഷ്യപത്രം അനുവദിയ്ക്കുകയോ സർക്കാരുത്തരവുണ്ടാകുകയോ വേണമെന്നു ലാന്റ് റവന്യൂ കമ്മീഷണർ പരാമർശം(3) പ്രകാരം റിപ്പോർട്ട് ചെയ്തിരുന്നു.

4) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കോട്ടയം ജില്ല, കോട്ടയം താലൂക്ക്, മണർകാട് വില്ലേജ് ബ്ലോക്ക് 33 ൽ റീ സർവ്വെ 415/13 ൽപ്പെട്ട 01.50 ആർ വഴി പുറമ്പോക്ക് ഭൂമി, വിവിധ സർക്കാർ പദ്ധതികൾക്ക് ആവശ്യമുള്ള പക്ഷം ആയത് തടസ്സം കൂടാതെ സർക്കാരിന് വിട്ടുനൽകേണ്ടതാണെന്ന വ്യവസ്ഥയ്ക്കു വിധേയമായി, ഒരു പ്രത്യേക കേസായി പരിഗണിച്ച്, അപേക്ഷക കഴിഞ്ഞ 40 വർഷങ്ങളായി വീട് വച്ച് താമസിച്ചുവരുന്ന പ്രസ്തുത ഭൂമിയ്ക്ക് അപേക്ഷകയുടെ ഭർത്താവിന്റെ പേരിൽ കൈവശ രേഖ ലഭിച്ചിട്ടുണ്ട്, അപേക്ഷകയ്ക്ക് മണർകാട് വില്ലേജിൽ മറ്റ് ഭൂമിയൊന്നുമില്ല, പുതിയ പട്ടിത്താനം-മണർകാട് ബൈപ്പാസ് റോഡിൽ നിന്നും 16 മീറ്റർ മാറി സ്ഥിതിചെയ്യുന്നതിനാൽ നിലവിൽ വാഹന ഗതാഗതത്തിന് തടസ്സമില്ല, ഭൂമി അപേക്ഷകയുടെ പേരിൽ പതിച്ചുനൽകുന്നതിന് അയർകുന്നം ഗ്രാമപഞ്ചായത്ത് ഭരണസമിതി തീരുമാനമെടുത്തിട്ടുണ്ട് എന്നിവ കണക്കിലെടുത്ത് ശ്രീമതി. ശ്രീലത പി.ആറിന്റെ പേർക്ക് പതിച്ചു നല്കുന്നതിനുള്ള അനുമതി നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

4. ഇക്കാര്യത്തിലുള്ള നിയമാനുസൃത തുടർ നടപടികൾ കോട്ടയം ജില്ലാ കളക്ടർ സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
എം ജി രാജമാണിക്കം
സെക്രട്ടറി

ലാൻഡ് റവന്യൂ കമ്മീഷണർ, തിരുവനന്തപുരം
അക്കൌണ്ടന്റ് ജനറൽ (A&E/Audit), കേരള, തിരുവനന്തപുരം

ജില്ലാ കളക്ടർ, കോട്ടയം
തഹസിൽദാർ, കോട്ടയം താലൂക്ക്
പൊതുമരാമത്ത് വകുപ്പ് ( 03/02/2024-ലെ PWD-C1/492/2023-PWD പ്രകാരം )
പൊതുഭരണ (എസ്.സി) വകുപ്പ് ( 20/02/2026-ലെ ഇനം നമ്പർ 3713 പ്രകാരം )
ഇൻഫർമേഷൻ ഓഫീസർ, വിവരപൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Kumari Sindhu S
Date: 24-02-2026 12:52:23
സെക്ഷൻ ഓഫീസർ

പകർപ്പ് :
ബഹു മുഖ്യമന്ത്രിയുടെ ചീഫ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ- ക്ക്
ബഹു റവന്യു വകുപ്പ് മന്ത്രിയുടെ പി.എസ് ന്
റവന്യൂ വകുപ്പ് സെക്രട്ടറിയുടെ പി.എ-യ്ക്ക്

രഹസ്യം

# കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

**തീയതി : 20-02-2026**

ഫയൽ നം. എം2/49/2023/റവ. ഇനം നം: 3713

വിഷയം : റവന്യൂ വകുപ്പ് - കോട്ടയം താലൂക്കിൽ മണർകാട് വില്ലേജിൽ ബ്ലോക്ക് 33-ൽ റീസർവ്വേ നമ്പർ 415/13-ൽപ്പെട്ട 01.50 ആർ വഴി പുറമ്പോക്ക് ഭൂമി ശ്രീമതി. ശ്രീലത.പി. ആർ.-ന്റെ പേർക്ക് ഒരു പ്രത്യേക കേസായി പരിഗണിച്ച് പതിച്ച് നൽകുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി
(ശരിപ്പകർപ്പ്)

ഡോ. എ. ജയതിലക്
ചീഫ് സെക്രട്ടറി

സെക്രട്ടറി, റവന്യൂ വകുപ്പ്.

**കേരള സർക്കാർ**

(ശ്രീ. പിണറായി വിജയൻ മന്ത്രിസഭ)

മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്

3713

| | | |
|---|---|---|
| 1. | ഫയൽ നമ്പർ | എം2/ 49/ 2023/ റവ |
| 2. | വകുപ്പ് | റവന്യൂ (എം) വകുപ്പ് |
| 3. | വിഷയം | കോട്ടയം താലൂക്കിൽ മണർകാട് വില്ലേജിൽ ബ്ളോക്ക് 33 ൽ റീസർവേ നമ്പർ 415/ 13 ൽ പെട്ട 01.50 ആർ വഴി പുറമ്പോക്ക് ഭൂമി ശ്രീമതി. ശ്രീലത പി. ആറിന്റെ പേർക്ക് ഒരു പ്രത്യേക കേസായി പരിഗണിച്ച് പതിച്ച് നൽകുന്നത് - സംബന്ധിച്ച് . |
| 4. | മന്ത്രിസഭായോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | 02.02.2026 |
| 5. | i) ഇത് സാമ്പത്തിക ബാദ്ധ്യതയുള്ളതാണോ ?<br>ii) സാമ്പത്തിക ബാദ്ധ്യതയുള്ളതാണെങ്കിൽ ധനകാര്യ വകുപ്പുമായി ആലോചിട്ടുണ്ടോ ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | ഇല്ല<br>ഇല്ല |
| 6. | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ? ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | ഉണ്ട് (പൊതുമരാമത്ത് വകുപ്പിന്റെ അഭിപ്രായം ഉൾക്കൊള്ളിച്ചിട്ടുണ്ട്) |
| 7. | കുറിപ്പ് സമർപ്പിച്ച അഡീഷണൽ സെക്രട്ടറിയുടെ പേര് | ശ്രീമതി ഗീത.എ |
| 8. | കുറിപ്പ് സമർപ്പിച്ച സെക്രട്ടറിയുടെ പേര് | ശ്രീ.എം.ജി രാജമാണിക്കം |
| 9. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് സെക്രട്ടറി അംഗീകരിച്ച തീയതി | 16.02.2026 |
| 10. | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | ഡോ. എ. ജയതിലക് |
| 11. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | 17.02.2026 |
| 12. | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | ശ്രീ. കെ.രാജൻ |
| 13. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | 17.02.2026 |
| 14. | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | 17.02.2026 |
| 15. | മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി | |
| 16. | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ് / കത്തിന്റെ നമ്പരും തീയതിയും | |

## മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്

കോട്ടയം താലൂക്കിൽ മണർകാട് വില്ലേജിൽ ബ്ലോക്ക് 33 ൽ റീസർവേ നമ്പർ 415/13 ൽ പെട്ട 01.50 ആർ വഴി പുറമ്പോക്ക് ഭൂമി ശ്രീമതി. ശ്രീലത പി. ആറിന്റെ പേർക്ക് ഒരു പ്രത്യേക കേസായി പരിഗണിച്ച് പതിച്ച് നൽകുന്നത് സംബന്ധിച്ച കുറിപ്പാണിത്.

2) കോട്ടയം താലൂക്കിൽ മണർകാട് വില്ലേജിൽ ബ്ലോക്ക് 33 ൽ റീസർവേ നമ്പർ 415/13 ൽ പെട്ട 01.50 ആർ ഭൂമിയിൽ ശ്രീമതി. ശ്രീലതയുടെ കുടുംബം വർഷങ്ങളായി താമസിച്ചു വരികയാണ് എന്നും പ്രസ്തുത ഭൂമിക്ക് പട്ടയം ലഭിച്ചിട്ടില്ലാത്തതിനാൽ സർക്കാരിന്റെ ക്ഷേമ പദ്ധതികളുടെ ആനുകൂല്യങ്ങളൊന്നും ലഭിക്കുന്നില്ല എന്നും അതിനാൽ കൈവശ ഭൂമിക്ക് പട്ടയം അനുവദിച്ചു നൽകണമെന്നും ശ്രീമതി ശ്രീലത പി.ആർ അപേക്ഷിച്ചിരുന്നു.

3) ഈ വിഷയത്തിൽ കോട്ടയം ജില്ലാ കളക്ടർ ലഭ്യമാക്കിയ റിപ്പോർട്ടും അനുബന്ധരേഖകളും പരിശോധിച്ചതിൽ 30 വർഷത്തിലധികമായി അപേക്ഷക ഇതേ വസ്തുവിൽ താമസിച്ചുവരികയാണ് എന്നു കാണുന്നു. 23/10/2000 ൽ അപേക്ഷകയുടെ ഭർത്താവായ ശ്രീ.രാജഗോപാലിന്റെ പേരിൽ പ്രസ്തുത ഭൂമിക്ക് കൈവശ രേഖ ലഭിച്ചിട്ടുണ്ട്. വില്ലേജ് ഓഫീസറുടെ റിപ്പോർട്ട് പ്രകാരം പരാമർശ വസ്തു മണർകാട് - ഏറ്റുമാനൂർ റോഡിനോട് ചേർന്നു കിടക്കുന്നതാണ്. അയർകുന്നം ഗ്രാമപഞ്ചായത്തിന്റെ 27/11/2004 ൽ ചേർന്ന യോഗ തീരുമാനപ്രകാരം അപേക്ഷകയുടെ കൈവശ ഭൂമിക്ക് പട്ടയം അനുവദിക്കുന്നതിന് എതിർപ്പില്ലെന്ന് കോട്ടയം തഹസിൽദാരെ അറിയിച്ചിരുന്നു. റവന്യൂ രേഖകൾ പ്രകാരം ടി വസ്തു റോഡ് പുറമ്പോക്ക് ആയി കാണുന്നുവെന്നും പൊതുമരാമത്ത് റോഡുകളോട് ചേർന്നു കിടക്കുന്ന ഭൂമി പതിച്ചുനൽകരുത് എന്നു നിർദ്ദേശിക്കുന്ന പൊതുമരാമത്ത് വകുപ്പിന്റെ 30/09/2009 ലെ 20541/സി3/09/പൊ.മ.വ. സർക്കുലറിലെ നിർദ്ദേശ പ്രകാരം പ്രസ്തുത ഭൂമി പതിച്ചുനൽകാൻ സാധിക്കുകയില്ല എന്നും ജില്ലാ കളക്ടർ റിപ്പോർട്ട് ചെയ്യുന്നു.

4) പരാമർശ ഭൂമി 1992 ജനുവരി 1ന് മുൻപ് അപേക്ഷകയുടെ കുടുംബത്തിന്റെ കൈവശമാണ് എന്ന് കൈവശ രേഖ വ്യക്തമാക്കുന്നു. സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന കുടുംബമാണ് എന്നതും പൊതുമരാമത്ത് റോഡുകളോട് ചേർന്നു കിടക്കുന്ന ഭൂമി പതിച്ചുനൽകരുത് എന്നു നിർദ്ദേശിക്കുന്ന പൊതുമരാമത്ത് വകുപ്പിന്റെ സർക്കുലർ നിലവിൽ

വരുന്നതിനും വർഷങ്ങൾക്കു മുൻപേയുള്ള കൈവശമാണ് എന്നതും പരിഗണിച്ചും പുതിയ ബൈപാസ് റോഡ് നിലവിൽ വന്നതോടെ അപേക്ഷാ വസ്തുവിനോട് ചേർന്നു കിടക്കുന്ന റോഡിന് പ്രാധാന്യം കുറഞ്ഞതായുള്ള വില്ലേജ് ഓഫീസറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലും പരാമർശ വസ്തു അപേക്ഷകയുടെ കുടുംബത്തിന് പതിച്ചു നൽകുന്ന വിഷയത്തിൽ പൊതുമരാമത്ത് വകുപ്പിന്റെ അഭിപ്രായം ആരാഞ്ഞിരുന്നു.

5) ടി വകുപ്പ് താഴെപ്പറയും പ്രകാരം അഭിപ്രായപ്പെടുകയുണ്ടായി

'റോഡ് പുറമ്പോക്ക് ഭൂമിയിൽപ്പെട്ടതും പട്ടിത്താനം മണർകാട് ബൈപ്പാസ് റോഡിന്റെ കി.മീറ്റർ 7/500 ഇടത് ഭാഗത്തായി മണർകാട് വില്ലേജിൽ ബ്ളോക്ക് നമ്പർ 33 ൽ റീസർവ്വേ നമ്പർ 415/13 ൽ ഉൾപ്പെട്ട 1.05 ആർ ഉൾപ്പെട്ട കൈവശമുള്ള ഭൂമി പതിച്ചു നൽകണമെന്നാവശ്യപ്പെട്ട് ശ്രീമതി.ശ്രീലത പി.ആർ, മുണ്ടയ്ക്കൽ വീട്, കോട്ടയം സമർപ്പിച്ച അപേക്ഷ പൊതുമരാമത്ത് വകുപ്പിന്റെ 30/09/2009-ലെ 20541/സി3/09/പൊ.മ.വ. സർക്കുലർ പ്രകാരം പതിച്ചുനൽകാൻ നിർവ്വാഹമില്ല എന്ന വിവരം അറിയിക്കുന്നു.'

6) ടി വിഷയത്തിൽ പ്രസ്തുത ഭൂമി റോഡിൽനിന്നും എത്ര അകലെയാണെന്ന വിവരവും അപേക്ഷ കക്ഷിക്ക് മറ്റെവിടെയും ഭൂമിയില്ലായെന്ന കാര്യം ഉറപ്പുവരുത്തി ഭൂമി പതിച്ച് നല്കുന്ന കാര്യത്തിൽ വ്യക്തമായ ശിപാർശ ലഭ്യമാക്കുവാൻ ലാൻഡ് റവന്യൂ കമ്മീഷണറോട് ആവശ്യപ്പെട്ടിരുന്നു. ലാൻഡ് റവന്യൂ കമ്മീഷണറുടെ റിപ്പോർട്ട് പ്രകാരം, അപേക്ഷകയും കുടുംബവും താമസിച്ചുവരുന്ന മണർകാട് വില്ലേജിൽ ബ്ലോക്ക് നമ്പർ 33 ൽ റീസർവ്വെ നമ്പർ 415/13 ൽ പെട്ട ഭൂമി ബി.റ്റി.ആറിൽ വഴി പുറമ്പോക്കെന്നാണ് രേഖപ്പെടുത്തിയിരിയ്ക്കുന്നത്. പ്രസ്തുത സ്ഥലം തിരുവഞ്ചൂർ റോഡിന്റെ വലതു വശത്തും പുതിയ പട്ടിത്താനം മണർക്കാട് റോഡിൽ നിന്നും 16 മീറ്റർ മാറിയുമാണ് സ്ഥിതി ചെയ്യുന്നത്. നിലവിൽ വാഹന ഗതാഗതത്തിന് തടസ്സമില്ലാത്ത രീതിയിലാണ് വീടും സ്ഥലവും സ്ഥിതി ചെയ്യുന്നതെന്നും പൊതുമരാമത്ത് നിരത്ത് ഉപവിഭാഗം അസിസ്റ്റന്റ് എക്സിക്യൂട്ടിവ് എഞ്ചിനീയർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. എന്നാൽ, റോഡിനോട് ചേർന്ന സ്ഥലങ്ങളും റോഡ്പുറമ്പോക്കും പതിച്ചു നൽകുന്നതിനുള്ള അപേക്ഷകളിൽ പൊതുമരാമത്ത് വകുപ്പ് ശിപാർശകൾ സമർപ്പിക്കേണ്ടതില്ലെന്ന് പ്രസ്തുത വകുപ്പിന്റെ 30.09.2009 ലെ 20541/സി3/2009 പ്രകാരം കർശന നിർദ്ദേശം നൽകിയിട്ടുള്ളതാണ്.

7) അപേക്ഷകയും കുടുംബവും 40 വർഷമായി പ്രസ്തുത ഭൂമിയിൽ താമസിച്ചു വരുന്നതായും അപേക്ഷക അംഗൻവാടി വർക്കറായി ജോലി നോക്കി വരുന്നതായും അപേക്ഷകയ്ക്ക് മണർക്കാട് വില്ലേജിൽ മറ്റു ഭൂമിയൊന്നുമില്ലെന്നും മണർക്കാട് പട്ടിത്താനം ബൈപ്പാസ് നിലവിൽ വന്നതിനു ശേഷം അപേക്ഷ വസ്തു ഉൾപ്പെട്ടു വരുന്ന റോഡ് പുറമ്പോക്കിന്റെ വഴിയുപയോഗം സമീപവാസികൾക്ക് മാത്രമായി ചുരുങ്ങിയിട്ടുള്ളതായും ജില്ലാ കളക്ടർ റിപ്പോർട്ട് ചെയ്തിരിയ്ക്കുന്നു. പൊതുമരാമത്ത് വകുപ്പ് റോഡ് പുറമ്പോക്കിൽ ഉൾപ്പെട്ട കൈവശ വസ്തുവിന് പട്ടയം അനുവദിയ്ക്കുന്ന ഈ വിഷയത്തിൽ പ്രസ്തുത വകുപ്പ് നിരാക്ഷേപസാക്ഷ്യപത്രം അനുവദിയ്ക്കുകയോ സർക്കാരുത്തരവുണ്ടാകുകയോ വേണമെന്നു ലാന്റ് റവന്യൂ കമ്മീഷണർ റിപ്പോർട്ട് ചെയ്തിരുന്നു.

8) അപേക്ഷ വസ്തു ഉൾപ്പെട്ടു വരുന്ന റോഡ് പുറമ്പോക്കിന്റെ വഴിയുപയോഗം സമീപവാസികൾക്ക് മാത്രമായി ചുരുങ്ങിയിട്ടുള്ളതായി ജില്ലാ കളക്ടർ റിപ്പോർട്ട് ചെയ്തതിന്റെ അടിസ്ഥാനത്തിൽ, പൊതുമരാമത്ത് വകുപ്പിന്റെ അഭിപ്രായം മറികടന്ന് ഒരു പ്രത്യേക കേസായി പരിഗണിച്ച് പരാമർശ വസ്തു (കോട്ടയം താലൂക്കിൽ മണർകാട് വില്ലേജിൽ ബ്ലോക്ക് 33 ൽ റീ.സ നം. 415/ 13 ൽ പ്പെട്ട 01.50 ആർ വഴി പുറമ്പോക്ക് ഭൂമി) അപേക്ഷകയുടെ കുടുംബത്തിന് പതിച്ചു നൽകുന്ന വിഷയം മന്ത്രിസഭായോഗത്തിന്റെ പരിഗണനയ്ക്കു സമർപ്പിക്കുന്നതിനുള്ള ഉത്തരവിനായി ഫയൽ ബഹു. റവന്യൂ വകുപ്പ് മന്ത്രി മുഖേന ബഹു മുഖ്യമന്ത്രിക്ക് ചംക്രമണം ചെയ്തിരുന്നു.

9) ഭൂമി വിവിധ സർക്കാർ പദ്ധതികൾക്ക് ആവശ്യമുള്ള പക്ഷം ആയത് തടസ്സം കൂടാതെ സർക്കാരിന് വിട്ടുനൽകേണ്ടതാണെന്ന വ്യവസ്ഥയ്ക്കു വിധേയമായി, ഒരു പ്രത്യേക കേസായി പരിഗണിച്ച്, അപേക്ഷക കഴിഞ്ഞ 40 വർഷങ്ങളായി വീട് വച്ച് താമസിച്ചുവരുന്ന പ്രസ്തുത ഭൂമിയ്ക്ക് അപേക്ഷകയുടെ ഭർത്താവിന്റെ പേരിൽ കൈവശ രേഖ ലഭിച്ചിട്ടുണ്ട്, അപേക്ഷകയ്ക്ക് മണർകാട് വില്ലേജിൽ മറ്റ് ഭൂമിയൊന്നുമില്ല, പുതിയ പട്ടിത്താനം - മണർകാട് ബൈപ്പാസ് റോഡിൽ നിന്നും 16 മീറ്റർ മാറി സ്ഥിതിചെയ്യുന്നതിനാൽ നിലവിൽ വാഹന ഗതാഗതത്തിന് തടസ്സമില്ല, ഭൂമി അപേക്ഷകയുടെ പേരിൽ പതിച്ചുനൽകുന്നതിന് അയർകുന്നം ഗ്രാമപഞ്ചായത്ത് ഭരണസമിതി തീരുമാനമെടുത്തിട്ടുണ്ട് എന്നിവ കണക്കിലെടുത്ത് കോട്ടയം ജില്ല, കോട്ടയം താലൂക്ക്, മണർകാട് വില്ലേജ് ബ്ലോക്ക് 33 ൽ റീ സർവ്വെ 415/ 13 ൽപ്പെട്ട 01.50 ആർ വഴി പുറമ്പോക്ക് ഭൂമി ശ്രീമതി. ശ്രീലത പി.ആറിന്റെ പേർക്ക് പതിച്ചു നൽകുന്ന കാര്യം

മന്ത്രിസഭായോഗത്തിന്റെ പരിഗണനയ്ക്ക് സമർപ്പിക്കാവുന്നതാണ് എന്ന് ചീഫ് സെക്രട്ടറി അഭിപ്രായപ്പെട്ടിരുന്നു.

10) ചീഫ് സെക്രട്ടറി അഭിപ്രായപ്പെടുന്ന വ്യവസ്ഥകളോടെ മന്ത്രിസഭയുടെ പരഗണനയ്ക്ക് സമർപ്പിക്കുവാൻ ബഹു. മുഖ്യമന്ത്രി ഉത്തരവായി.

**തീരുമാനിക്കേണ്ട വിഷയം**

കോട്ടയം ജില്ല, കോട്ടയം താലൂക്ക്, മണർകാട് വില്ലേജ് ബ്ലോക്ക് 33 ൽ റീ സർവ്വെ 415/13 ൽപ്പെട്ട 01.50 ആർ വഴി പുറമ്പോക്ക് ഭൂമി, വിവിധ സർക്കാർ പദ്ധതികൾക്ക് ആവശ്യമുള്ള പക്ഷം ആയത് തടസ്സം കൂടാതെ സർക്കാരിന് വിട്ടുനൽകേണ്ടതാണെന്ന വ്യവസ്ഥയ്ക്ക് വിധേയമായി, ഒരു പ്രത്യേക കേസായി പരിഗണിച്ച്, അപേക്ഷക കഴിഞ്ഞ 40 വർഷങ്ങളായി വീട് വച്ച് താമസിച്ചുവരുന്ന പ്രസ്തുത ഭൂമിയ്ക്ക് അപേക്ഷകയുടെ ഭർത്താവിന്റെ പേരിൽ കൈവശ രേഖ ലഭിച്ചിട്ടുണ്ട്, അപേക്ഷകയ്ക്ക് മണർകാട് വില്ലേജിൽ മറ്റ് ഭൂമിയൊന്നുമില്ല, പുതിയ പട്ടിത്താനം-മണർകാട് ബൈപ്പാസ് റോഡിൽ നിന്നും 16 മീറ്റർ മാറി സ്ഥിതിചെയ്യുന്നതിനാൽ നിലവിൽ വാഹന ഗതാഗതത്തിന് തടസ്സമില്ല, ഭൂമി അപേക്ഷകയുടെ പേരിൽ പതിച്ചുനൽകുന്നതിന് അയർകുന്നം ഗ്രാമപഞ്ചായത്ത് ഭരണസമിതി തീരുമാനമെടുത്തിട്ടുണ്ട് എന്നിവ കണക്കിലെടുത്ത് ശ്രീമതി ശ്രീലത പി.ആറിന്റെ പേർക്ക് പതിച്ചു നല്കാവുന്നതാണോ?